

# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 9 Issue 1 January 2023

## ഉള്ളടക്കം


Editorial ........ 03
CASCADE-2023 ........ 05
National seminar on emergency medicine ........ 07
പോഷ് ആക്ട് 2013 ........ 08
വൈറ്റ് കോട്ട് സെറിമണി ........ 09
സ്പർശ് 2023 ........ 11
റിപ്പബ്ലിക്ക് ദിനാശംസകൾ ........ 13
യാത്രാമംഗളങ്ങൾ ........ 14
KMLECON 2023 ........ 16
നേത്രപരിശോധനാക്യാമ്പ് ........ 17
വായിക്കാം... വളരാനായി ........ 18
എക്സലെൻഷ്യ 2023 ........ 20
പടിയിറങ്ങി... വിടപറയാത്ത ഓർമകളുമായി... ........ 21
Journal Club ........ 24
ICMR GRANT അപേക്ഷിക്കാനും പഠിക്കണേ... ........ 25
Sewage Treatment Plant ........ 27
Welcome to Jubilee Family ........ 30
കനൽ കെടുത്തിയ സ്നേഹപരിചരണം ........ 31
Clinical Immunology & Rheumatology ........ 32
അന്ധത മാറ്റിയ അക്ഷരങ്ങൾ ........ 38
കഷ്ടമല്ല കുഷ്ഠം? ........ 41
മയൊണൈസ് നിങ്ങൾക്കും ഉണ്ടാക്കാം ........ 43
തൈറോയ്ഡ് രോഗങ്ങൾ പത്ഥ്യവും അപത്ഥ്യവും ........ 44




# പുത്തൻ പ്രതീക്ഷകൾ നൽകുന്ന പുതുവർഷം

സഹോദരങ്ങളെ,

പുതുവർഷത്തിന്റെ എല്ലാ മംഗളങ്ങളും സ്നേഹപൂർവ്വം നേരുന്നു. ഡിസംബർ 31-ാം തിയ്യതി 11:59:59 മണിക്കും ജനുവരി1-ാം തിയ്യതി 12:00:00 മണിക്കും ഇടയിലുള്ള ആ ധന്യ മുഹൂർത്തം നമുക്ക് ഒത്തിരി പ്രതീക്ഷ തരുന്നതാണ്. ഈയൊരു നിമിഷമാണ് നമ്മുടെ ജീവിതത്തെ മുന്നോട്ടുള്ള പ്രയാണത്തിൽ സഹായിക്കുന്നപുത്തൻ പ്രതീക്ഷകളായും, പിന്നീട് നമ്മുടെ സ്വപ്നസാഫല്യങ്ങളായും ഭാവിയിൽ മാറുന്നത്.

ഈ ഒരു നിമിഷത്തിന്റെ പൂർത്തീകരണത്തിനായി കാത്തിരിക്കുന്നവരും അത് ആഘോഷിക്കാൻ കാത്തിരിക്കുന്നവരും നമ്മളിൽ ഒത്തിരി പേരുണ്ട്. എന്തോ ഒരു മാസ്മരിക ശക്തി ഈ നിമിഷത്തിന് നമ്മൾ കൽപ്പിച്ചുനൽകുന്നുണ്ട്. പുതിയ തീരുമാനങ്ങൾ എടുക്കാനും പുതിയ തീരുമാനങ്ങൾ നടപ്പിൽ വരുത്താനും ഈയൊരു നിമിഷമാണ് നമ്മൾ തിരഞ്ഞെടുക്കുന്നത്. ഒരു ആരംഭമായും ഒരു ഉയിർത്തെഴുന്നേൽപ്പായും ഈ നിമിഷം പലരുടെയും ജീവിതത്തിൽ അർത്ഥം സ്വീകരിക്കുന്നു.

ഏതൊരു ദിവസത്തെയും ആരംഭത്തിലെ ഒരു നിമിഷം പോലെ കണക്കാക്കാമായിരുന്ന പുതുവർഷത്തിലെ ആദ്യ നിമിഷത്തെ നമ്മൾ ഇത്രയധികം മഹനീയമായി കരുതുന്നുണ്ടെങ്കിൽ ആ നിമിഷം ലഭിച്ച നാം എന്ത് തീരുമാനമാണ് എടുക്കുന്നത്? ഞാനെപ്രകാരമാണ് ആ നിമിഷത്തെ നോക്കിക്കാണുന്നത്? ഒരു



പുതുവർഷം കൂടി നമുക്ക് അനുവദിച്ചുതന്ന ദൈവത്തിന് എപ്രകാരമാണ് നമ്മൾ നന്ദി പറയുന്നത്? എപ്രകാരമാണ് ആ നന്ദി നമ്മൾ പ്രകടിപ്പിക്കുന്നത്? ആ നന്ദിപ്രകടനം അല്ലേ ആ നിമിഷത്തിന്റെ മഹത്വം നമുക്ക് മനസ്സിലാക്കി തരിക.

ഇതിന് ഒരു മറുവശം കൂടിയും ഞാൻ കുറിക്കട്ടെ. നമ്മളൊക്കെ ആഗ്രഹിച്ച, പ്രതീക്ഷിച്ച, കാത്തിരിക്കുന്ന ആ ഒരു നിമിഷം നമുക്ക് നൽകുന്ന പ്രതീക്ഷകളോടൊപ്പം തന്നെ അതിനെ ഒരു ചടങ്ങായി അവതരിപ്പിച്ച്, ഒരു കച്ചവടച്ചരക്കായി മാറ്റുന്ന പ്രക്രിയ കൂടി ഇന്ന് ലോകത്തിൽ നമുക്ക് കാണാൻ സാധിക്കും. നമ്മുടെയൊക്കെ ജീവിതത്തിലെ ഏതൊരു നല്ല മുഹൂർത്തത്തിലും ഒരു കച്ചവട സാധ്യത കാണാനായി നമ്മൾ ഓരോരുത്തരിലും ഉള്ള കച്ചവടക്കാരൻ ശ്രമിക്കുന്നു എന്നാണ് ഇതിലൂടെ നാം മനസ്സിലാക്കേണ്ടത്. നമുക്ക് ലഭിച്ച ഓരോ ധന്യ മുഹൂർത്തങ്ങളും അത് നൽകിയവനോടും അതിന് സഹകരിച്ചവരോടും നന്ദിയും കടപ്പാടും പ്രകടിപ്പിക്കുന്നത് എത്രമാത്രം ആത്മാർത്ഥമായി ആണെന്നും ആ നന്ദിപ്രകടനത്തെ ഒരു പരിധിവരെ ചടങ്ങുകളായി ഒരു കച്ചവടരീതിയിലേക്കുള്ള മാറ്റം മാത്രമായി മാറാതിരിക്കാൻ നാം ബോധപൂർവ്വം ശ്രദ്ധിക്കേണ്ടതാണ്.

ഈ പുതുവർഷം എന്ന അനുഗ്രഹം സ്വീകരിച്ച നമ്മൾ എല്ലാവരുടെയും ജീവിതത്തിലെ ഈയൊരു വ്യത്യാസം ശ്രദ്ധയോടുകൂടെ കാത്തുസൂക്ഷിക്കാൻ, അനുഗ്രഹങ്ങളും അനുഗ്രഹങ്ങളെ ചടങ്ങുകൾ ആക്കിമാറ്റുന്ന കച്ചവട മനസ്ഥിതിയും രണ്ടാണെന്ന് മനസ്സിലാക്കി ജീവിക്കാനും നമ്മുടെ പ്രതീക്ഷകളും സ്വപ്നങ്ങളും സാക്ഷാത്കരിച്ചുകൊണ്ട് അനുഗ്രഹദായകനോട് നന്ദി പ്രകടിപ്പിക്കാനും നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് പുതുവർഷത്തിന്റെ എല്ലാ മംഗളങ്ങളും സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ഷിജോ മാപ്രാണത്തുകാരൻ**
അസി. ഡയറക്ടർ



# CASCADE-2023

## നൂറോളം ഡോക്ടർമാർ പങ്കെടുത്ത സപ്തദിന ശിൽപശാല

രക്തസാന്ദ്രരോഗങ്ങളും അതിനനുബന്ധിതമായ ടെസ്റ്റിംഗ് പ്രക്രിയകളേയും കുറിച്ചുള്ള സപ്തദിന ദേശീയ ശിൽപശാല ഡിസംബർ 16 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് ട്രാൻസ് ഫ്യൂഷൻ മെഡിസിൻ ആന്റ് സെൻട്രൽ ലാബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. തുടർച്ചയായി പന്ത്രണ്ടാം വർഷം നടത്തപ്പെട്ട ശിൽപശാലയിൽ ഇന്ത്യയിലുടനീളമുള്ള നൂറോളം ഡോക്ടർമാർ പങ്കെടുത്തു.

ശിൽപശാലയിൽ coagulation ടെസ്റ്റുകളായ PT, APTT, Factor assays, inhibitor screening മുതലായവയുടെ ഹാൻഡ്സ് ഓൺ പരിശീലനം സ്റ്റേജ് ഇൻഡ്യയുടെ ആപ്ലിക്കേഷൻ സ്പെഷലിസ്റ്റ് ആയ ശ്രീ. സുകുമാരൻ ഡി. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഹൈബ്രിഡ് മോഡിൽ നടത്തപ്പെട്ട CME-യിൽ കേരളത്തിലെ പ്രഗൽഭരായ ഹെമറ്റോളജിസ്റ്റുമാരായ ഡോ. നീരജ് സിദ്ധാർത്ഥൻ (എയിംസ്, കൊച്ചി), ഡോ. ദീപക് ചാൾസ് (ആസ്റ്റർ








മെഡിസിറ്റി, കൊച്ചി), ഡോ. ചെപ്സി ഫിലിപ്പ് (ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, തിരുവല്ല), ഡോ. ശ്രീരാജ് വി. (അമല മെഡിക്കൽ കോളേജ്) എന്നിവർ പങ്കെടുത്തു.

ഡോ. ക്ലൌസ് ഗോർലിങ്ങർ (TEM, മ്യൂണിക്ക് ജർമ്മനി), ഡോ. ഗീത വിദ്യാധരൻ (കാർകിനോസ് ഹെൽത്ത്, കൊച്ചി), ഡോ. അജയ് ഗാന്ധി (വെസ്റ്റേൺ അക്കാദമി), ഡോ. തുളസി ഗീവർ (സി. എം. സി., വെല്ലൂർ), ഡോ. കാർത്തിക കെ. വി. (ആസ്റ്റെർ മിംസ്, കാലിക്കറ്റ്), ഡോ. ഗണേഷ് മോഹൻ (കെ. എം. സി., മണിപ്പാൽ), ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഡോ. ബിജു ബാഹുലേയൻ, ഡോ. സുശീല ജേക്കബ് ഇന്ന, ഡോ. രമേഷ് ഭാസ്കരൻ, ഡോ. അബൂബക്കർ റാഫി, ഡോ. നിത്യ എം. ബൈജു, ഡോ. ആതിര ശശിധരൻ, സി. ലീ ജോസ് എന്നിവർ തദ് വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിച്ചു.

## IT DEPARTMENT





ജൂബിലി മിഷൻ ആശുപത്രിയിലെ ഐ.ടി. ഡിപ്പാർട്ടുമെന്റിന്റെ പുതിയ ഓഫീസ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ആശീർവ്വദിച്ചു.









# ഇ.എം. സോണോ 2023 & എക്സാംതലോൺ 2023

## [NATIONAL SEMINAR ON EMERGENCY MEDICINE]

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപത്രിയുടെ എമർജൻസി വിഭാഗം ദേശീയ സെമിനാർ സംഘടിപ്പിച്ചു. ജനുവരി 28, 29, 30 തിയ്യതികളിലാണ് സെമിനാർ നടന്നത്. ഇ.എം. സോണോ 2023 ആൻഡ് എക്സാംതലോൺ 2023 എന്ന പരിപാടി ന്യൂഡെൽഹി എയിംസിലെ എമർജൻസി വിഭാഗം മേധാവി പ്രൊഫ. ഡോ. സഞ്ജീവ് ബോയ് ഉദ്ഘാടനംചെയ്തു. ലോകാരോഗ്യ സംഘടനയുടെ സൗത്ത് ഈസ്റ്റ്  ഏഷ്യാ റീജിയന്റെ കൊളാബ്രേറ്റിങ്ങ് സെന്റർ ഫോർ എമർജൻസി ആൻഡ് ട്രോമ കെയറിന്റെ ഡയറക്ടറും, ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഫോർ ക്രറ്റിക്കൽ അൾട്രാസൗണ്ടിന്റെ ഡയറക്ടറുമാണ് ഇദ്ദേഹം. എമർജൻസി സോണോഗ്രാഫി എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഇ.എം. സോണോ എന്ന രണ്ട് ദിവസത്തെ ശില്പശാലയും ഇതോടുകൂടി നടന്നു. ന്യൂഡെൽഹി എയിംസിലെയും പോണ്ടിച്ചേരി ജിപ്മറിലേയും മണിപ്പാൽ കെ.എം.സി. യിലേയും വിദഗ്ദ്ധ ഡോക്ടർമാർ ക്ലാസുകൾ നയിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, എമർജൻസി വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി എന്നിവർ സന്നിഹിതരായിരുന്നു.








**ബോധവത്കരണ ക്ലാസ്സ്:**

# പോഷ് ആക്ട്- 2013







ജൂബിലി മിഷൻ ഹോസ്പിറ്റൽ എച്ച്. ആർ. ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കേരള സർക്കാർ വനിതാ ശിശു വികസന വകുപ്പിന്റെയും തൃശൂർ ജില്ലാ ലേബർ ഓഫീസിന്റെയും സഹകരണത്തോടെ ജനുവരി പതിമൂന്നാം തീയതി **പോഷ് ആക്ട് - 2013** ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഐ. സി. സി. പ്രെസീഡിങ് ഓഫീസർ ഡോ. സുശീല ജെ. ഇന്നയുടെ സ്വാഗതത്തോടുകൂടി ആരംഭിച്ച പരിപാടി ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഉത്ഘാടനം ചെയ്തു. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശ്രീമതി മീര അധ്യക്ഷത വഹിച്ച് ആശംസകൾ അർപ്പിച്ചു. പോഷ് ആക്ട് 2013 പ്രകാരം സ്ത്രീകൾക്കെതിരെ ജോലിസ്ഥലത്തെ ലൈംഗീക അതിക്രമം തടയൽ, നിരോധിക്കൽ, പരിഹാരമാർഗ്ഗങ്ങൾ, നിയമപ്രകാരമുള്ള ഇന്റേണൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി അഡ്വ. ജിഷ്ണു ക്ലാസ് എടുത്തു. ജീവനക്കാരുടെ സംശയങ്ങൾക്കുള്ള മറുപടിയും നൽകി. ജൂബിലി മിഷൻ ലീഗൽ ആൻഡ് കംപ്ലയൻസ് മാനേജർ ജസ്റ്റിൻ സി. ജെ. യുടെ നന്ദിയോടുകൂടി ക്ലാസ് സമാപിച്ചു. ജൂബിലി ഐ. സി. സി. കമ്മിറ്റി അംഗങ്ങളും എല്ലാ ഡിപ്പാർട്ട്മെന്റിൽനിന്നുള്ള ജീവനക്കാരും ക്ലാസ്സിൽ പങ്കെടുത്തു.






## MBBS 20TH BATCH

# വൈറ്റ് കോട്ട് സെറിമണി







ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ ഇരുപതാം എം.ബി.ബി.എസ്. ബാച്ചിന്റെ വൈറ്റ് കോട്ട് സെറിമണി ജനുവരി 20ന് മദർ തെരേസ ഹാളിൽവെച്ച് നടന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ സ്വാഗതം ആശംസിച്ചു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും തുടർന്ന് വിദ്യാർത്ഥികൾക്ക് സന്ദേശം





നൽകുകയും ചെയ്തു. ജൂബിലി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് വൈസ് പ്രിൻസിപ്പൽ ഡോ. സി.വി. ആൻഡ്രൂസിന്റെ നേതൃത്വത്തിൽ എം.ബി.ബി.എസ്. വിദ്യാർത്ഥികൾ സത്യപ്രതിജ്ഞ ഏറ്റുചൊല്ലി. അനാട്ടമി വിഭാഗം തലവനും എം. ബി. ബി. എസ്. ഫെയ്സ് വൺ കോ-ഓർഡിനേറ്ററുമായ ഡോ. നന്ദഗോപാൽ പി.എ. യുടെ നേതൃത്വത്തിൽ പ്രീ ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകരാണ് വൈറ്റ് കോട്ട് സെറിമണിക്ക് നേതൃത്വം നൽകിയത്. ജൂബിലി മിഷൻ മെഡിക്കൽ കോളജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് CEO ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. പി.സി. ഗിൽവാസ്, പി.ടി.എ. പ്രസിഡന്റ് ഡോ. സി.ഒ. ജോഷി, സ്റ്റുഡൻസ് കൗൺസിൽ ചെയർപേഴ്സൺ ശ്രീ. നവനീത് കൃഷ്ണ എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ. നന്ദഗോപാലൻ പി.എ. യുടെ നന്ദിയോടുകൂടി ചടങ്ങ് അവസാനിച്ചു.




# സ്പർശ് 2023

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും, തൃശ്ശൂർ ജില്ലാ ലെപ്രസി യൂണിറ്റ്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) തൃശ്ശൂരും ചേർന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഡി. എം. ഇ. റ്റി. ഹാളിൽ വച്ച് 2023 ജനുവരി 30ന് സ്പർശ് 2023 ജില്ലാതല ഉദ്ഘാടന ചടങ്ങ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗ മേധാവി ഡോ. ലൂസി റാഫേൽ സ്വാഗതപ്രസംഗം പറയുകയും, ഡി. എം. ഒ. ഡോ. ശ്രീദേവി ടി. പി. അദ്ധ്യക്ഷപ്രസംഗം നടത്തുകയും ചെയ്തു. പരിപാടിയുടെ ഉദ്ഘാടനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്



# JUBILEE VOICE

കൊൽക്കൊത്തയിൽ വച്ച് നടന്ന പതിനാറാമത് ആനുവൽ കോൺഫെറൻസ് ഓഫ് വീനസ് അസോസിയേഷൻ ഓഫ് ഇന്ത്യയിൽ (VAICON ) 'മെഡിക്കൽ ലോസ് ആൻഡ് ലിറ്റിഗേഷൻ' എന്ന വിഷയത്തെ പറ്റി പ്രഭാഷണം നടത്തിയ ഡോ. കെ. പത്മകുമാറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുര്യൻ ഭദ്രദീപം കൊളുത്തി നിർവഹിച്ചു. ഡിസ്ട്രിക്ട് ലെപ്രസി ഓഫീസർ ഡോ. സതീഷ് കെ. എൻ. മുഖ്യപ്രഭാഷണം നടത്തി. മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പദ്മകുമാർ കെ. ആശംസകൾ അർപ്പിച്ചു.




പരിപാടിയുടെ ഭാഗമായി ലെപ്രസിയെ ആസ്പദമാക്കി എക്സിബിഷൻ ആശുപത്രി പരിസരത്ത് ഒരുക്കി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. രാധിക കണ്ണൻ ലെപ്രസിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് എടുക്കുകയും ശേഷം ക്വിസ് പരിപാടി വിജയികൾക്ക് സമ്മാനദാനവും നിർവ്വഹിച്ചു. വിദ്യാർത്ഥികളും വിശിഷ്ടവ്യക്തികളും ചേർന്ന് ലെപ്രസിയുടെ പ്രതിജ്ഞ എടുക്കുകയും അസി. ലെപ്രസി ഓഫീസർ ശ്രീ. നസീബ്ദ്ദീൻ നന്ദി പറയുകയും ചെയ്തു.



# റിപ്പബ്ലിക്ക് ദിനാശംസകൾ...









ഇന്ത്യ സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്ക് ആയതിന്റെ എഴുപത്തിനാലാം വാർഷികം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജനുവരി 26-ന് ആഘോഷിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ പതാക ഉയർത്തി. വിശിഷ്ടാതിഥികളും മെഡിക്കൽ കോളേജ് വിദ്യാർത്ഥികളും സെക്യൂരിറ്റി സ്റ്റാഫും സല്യൂട്ട് നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസി. ഡയറക്ടർ ഫാ. ഡോ. ഡെമിൻ തറയിൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, ബി. ജെ. പി. നാഷണൽ സെക്രട്ടറി അരവിന്ദ് മേനോൻ, ജൂബിലി മിഷൻ സ്ഥാപനങ്ങളിലെ സെക്യൂരിറ്റി ഓഫീസർ വിൽസൺ പി. ജെ. എന്നിവർ ചടങ്ങിൽ പങ്കെടുത്ത് റിപ്പബ്ലിക്ക് ദിന സന്ദേശം നൽകി. ദേശീയഗാനത്തോടുകൂടി റിപ്പബ്ലിക്ക് ദിന പരിപാടികൾ സമാപിച്ചു.



# യാത്രാമംഗളങ്ങൾ

ജൂബിലി ഹോസ്പിറ്റലിൽ, പ്രത്യേകമായി ഫാർമസി ഡിപ്പാർട്ട്മെന്റിൽ നിറസാന്നിദ്ധ്യമായിരുന്ന ബഹു. സി. ഫ്രാൻസിയ്ക്ക് 2023 ജനുവരി 5ന് ജൂബിലി മിഷൻ കുടുംബം യാത്രാമംഗളങ്ങൾ നൽകി.

ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസി. ഡയറക്ടർ ഫാ. ഡോ. ഡെമിൻ തറയിൽ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, നഴ്സിംഗ് സൂപ്രണ്ട് സി. മെറ്റിൽഡ എന്നിവർ ബഹു. സി. ഫ്രാൻസിയ്ക്ക് ആശംസകൾ അർപ്പിച്ചു. സ്നേഹം നിറഞ്ഞ സി. ഫ്രാൻസിയുടെ പിന്നിട്ട ആതുരശുശ്രൂഷാ ജീവിതത്തിൽ കടന്നുവന്ന വഴികളും, നടന്നുനീങ്ങിയ ദൂരങ്ങളും, നെഞ്ചിലേറ്റിയ നന്മകളും ഒരുപാട് ഓർമ്മപ്പെടുത്തലുകൾ ഹൃദയങ്ങളിൽ അവശേഷിക്കുമ്പോൾ നന്ദി എന്ന രണ്ടു വാക്കുകൾക്ക് അപ്പുറമാണ് എല്ലാം.

കാലത്തിന്റെ അനന്തമായ മണൽപരപ്പിൽ മായാത്ത കാലടിപ്പാടുകൾ പതിച്ച് ഞങ്ങളുടെ പ്രിയപ്പെട്ട സിസ്റ്ററിന്റെ ഇനിയുള്ള ജീവിതം കൂടുതൽ ധന്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു; ഒപ്പം നന്ദി നിറഞ്ഞ ഹൃദയത്തോടെ, നിറമിഴികളോടെ യാത്രാമംഗളങ്ങൾ ആശംസിക്കുന്നു...

ദൈവസ്നേഹം മനുഷ്യസ്നേഹമായി പരിണമിക്കുമ്പോൾ, ദൈവത്തിനുവേണ്ടി സുന്ദരമായ ചിലതെല്ലാം ചെയ്യാൻ മനുഷ്യനു പ്രാപ്തി ലഭിക്കുന്നു. അതെ, ഒരായുഷ്കാലത്തിന്റെ



പകുതിയിലേറെയും ആതുരശുശ്രൂഷാരംഗത്ത് (ഫാർമസി ഡിപ്പാർട്ട്മെന്റ്) നടത്തിയ സ്തുത്യർഹമായ സേവനത്തിന് ഇന്ന് തിരശ്ശീല വീഴുന്നു. 3 ഘട്ടങ്ങളിലായി നീണ്ട 25 വർഷം സ്നേഹസേവനം കാഴ്ചവെച്ച് ഫാർമസി ഡിപ്പാർട്ട്മെന്റിലൂടെ ഈ സ്ഥാപനത്തെ ഉയരങ്ങളിലെത്തിക്കാൻ ബഹു. സി. ഫ്രാൻസിയെ നല്ല ദൈവം ഉപകരണമാക്കി.

‘‘കർത്താവിന്റെ അനുഗ്രഹങ്ങൾക്ക് പകരമായി ഞാൻ അവിടുത്തേയ്ക്ക് എന്തു കൊടുക്കും. രക്ഷയുടെ കാസ കയ്യിലെടുത്തുകൊണ്ട് അവിടുത്തെ തിരുനാമം ഞാൻ വിളിച്ചപേക്ഷിക്കും’’ (സങ്കീ 116: 12,13) എന്ന് സങ്കീർത്തകന്റെ മനോഭാവത്തോടെ കഴിഞ്ഞ കാലയളവിൽ പുണ്യം കൊണ്ടും കർമ്മം കൊണ്ടും പ്രാർത്ഥന കൊണ്ടും, വിശിഷ്യ അനുഗ്രഹീതമായ ആതുരശുശ്രൂഷാ ജീവിതം കൊണ്ടും ധന്യമായതാണ് സി. ഫ്രാൻസിയുടെ ജീവിതം.



ഫാർമസി ഇൻചാർജ്
ആയി സ്ഥാനമേറ്റ
**സി. ജീസ് തെരേസിന്**
ജൂബിലി കുടുംബത്തിന്റെ
## അഭിനന്ദനങ്ങൾ

# KMLE CON 2023




2023 ജനുവരി 22–ാം തിയ്യതി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോറൻസിക് മെഡിസിൻ വിഭാഗം കേരള മെഡിക്കോ ലീഗൽ സൊസൈറ്റിയുടെ പിന്തുണയോടെ സംഘടിപ്പിച്ച സംസ്ഥാനത്തെ മെഡിക്കോ ലീഗൽ വിദഗ്ദ്ധരുടെ സംസ്ഥാന സമ്മേളനം ജൂബിലി മിഷൻ മദർ തെരേസ ഹാളിൽ വെച്ച് നടത്തുകയുണ്ടായി. ഈ സമ്മേളനത്തിൽ തൊണ്ണൂറിൽപരം ഫോറൻസിക് വിദഗ്ദ്ധർ പങ്കെടുത്തു.

ബഹു. പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് ശ്രീമതി ഹണി എം. വർഗീസ് അവർകൾ തിരി തെളിയിച്ച് ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹു. പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോറൻസിക് വിഭാഗം മേധാവി ഡോ. പത്മകുമാർ, ഡൽഹി എയിംസ് ഫോറൻസിക് വിഭാഗം മേധാവി പ്രൊഫ. ഡോ. ആദർശ് കുമാർ, ഡോ. ഹിതേഷ് ശങ്കർ, ഡോ. ഗുജ്റാൾ എന്നിവർ ആശംസകൾ അറിയിച്ചു.



# നേത്രപരിശോധനാക്യാമ്പ്









ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയുടെ അസ്സീസി പ്രൊവിൻഷ്യാൾ ഹൗസിന്റെ നേതൃത്വത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളജ് നേത്രരോഗ വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തൃക്കൂരിലെ സെന്റ് അൽഫോൻസ സെന്ററിൽവെച്ച് തെരുവിലെ വയോജനങ്ങൾക്കായി 2023 ജനുവരി 8 ഞായറാഴ്ച നേത്രപരിശോധന ക്യാമ്പ് നടത്തി. നേത്രരോഗ വിഭാഗത്തിലെ ഡോ. ബൃന്ദയുടെയും ഡോ. ശ്രീമോളുടെയും നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ മുപ്പതോളം വയോജനങ്ങളും മഠാംഗങ്ങളും പരിസരവാസികളും പങ്കെടുത്തു. കാഴ്ച പരിശോധനക്ക് വിധേയരായവർക്ക് കണ്ണടയും മരുന്നുകളും നിർദ്ദേശിക്കുകയുണ്ടായി. വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ ജൂബിലി മിഷൻ മെഡിക്കൽ കോളജിലെ നേത്രരോഗ വിഭാഗത്തിൽ തുടർ പരിശോധനകൾക്കും ചികിത്സയ്ക്കുമായി വരുവാൻ നിർദ്ദേശിക്കുകയും ചെയ്തു.



# വായിക്കാം... വളരാനായി

## ദേശീയ ലൈബ്രറി ശില്പശാല













നഴ്സിങ്ങ് പഠനരംഗത്ത് ലൈബ്രറിയുടെ ആവശ്യകതയേയും സാധ്യതയെയും ആധുനിക സൗകര്യങ്ങളെയും കുറിച്ച് അറിവും സാങ്കേതികജ്ഞാനവും വളർത്തുന്നതിനായി തൃശൂർ ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിൽ ഏകദിന ദേശീയ ലൈബ്രറി ശില്പശാല നടത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുര്യൻ ഈ ശില്പശാല ഉദ്ഘാട



## ദേശീയ ലൈബ്രറി ശില്പശാല

നം ചെയ്തു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി രാജഗിരി ലൈബ്രറി ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. എ. റ്റി. ഫ്രാൻസിസ്, എം. ജി. യൂണിവേഴ്സിറ്റി റെഫറൻസ് അസിസ്റ്റന്റ് ഡോ. വിമൽകുമാർ, വെല്ലൂർ സി. എം. സി. ലൈബ്രറി സർവീസസ് ഹെഡ് ഡോ. അസാരിയ ജബൽകുമാർ, കോളേജ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചലാ ജ്ഞാനദുരൈ, സെന്റ് തോമസ് കോളേജ് ലൈബ്രേറിയൻ ശ്രീ. സാൻജോ ജോസ്, ജൂബിലി ലൈബ്രേറിയൻമാരായ ശ്രീമതി നിർമ്മല, ശ്രീമതി റ്റിന്റു ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.






EXCELLENCIA 2023




EXCELLENCIA 2023




EXCELLENCIA 2023



EXCELLENCIA 2023

# എക്സലെൻഷ്യ 2023

2023 ജനുവരി 10-ന് ഒന്നാം സെമസ്റ്റർ ബി. എസ്. സി. നഴ്സിംഗ്, ഒന്നാം വർഷ ജി. എൻ. എം. വിദ്യാർത്ഥികൾക്കായി ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് 2.30ന് ടാലന്റ്സ് ഡേ - Excellencia 2023 സംഘടിപ്പിച്ചു. ഫസ്റ്റ് ഇയർ നഴ്സിങ്ങ് വിദ്യാർത്ഥികളെ പരിചയപ്പെടുത്താനും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുമുള്ള വേദിയാണിത്. ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉത്ഘാടനം ചെയ്തു. ജൂബിലി മിഷൻ ഹോസ്പിറ്റൽ അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പാൾ സി. സുമി പോൾ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പൽ ഡോ. സി. ഫിലോ രശ്മി എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥികളുടെ മികച്ച പ്രകടനങ്ങൾ ടാലന്റ്സ് ഡേയുടെ മാറ്റു കൂട്ടി.





# പടിയിറങ്ങി... വിടപറയാത്ത ഓർമകളുമായി...

ജീവിതത്തിൽ പറയാൻ ബുദ്ധിമുട്ടുള്ള രണ്ട് കാര്യങ്ങളാണ് ആദ്യമായി ഒരു ഹലോയും അവസാനമായി ഒരു ഗുഡ്ബൈയും. വിടവാങ്ങൽ അവസാനമല്ല, അത് ഒരു പുതിയ തുടക്കമാണ്. ജനുവരി 19-ന് ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിംഗിലെ മൂന്നാം വർഷ ബി. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥികൾ അവരുടെ സീനിയേഴ്സിനായി, (16-ാം ബാച്ച്) 'ട്രോയ്സാൻസ്' ന് യാത്രയയപ്പ് ചടങ്ങ് സംഘടിപ്പിച്ചു. ഉച്ചക്ക് 1.30ന് ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിലാണ് പരിപാടികൾ നടന്നത്. ബി. എസ്. സി. നഴ്സിങ്ങ് വിദ്യാർത്ഥി സാന്ദ്ര സി.എസ്. ന്റെ സ്വാഗതത്തോടുകൂടി ആരംഭിച്ച പരിപാടി, ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ ഉദ്ഘാടനംചെയ്തു. ജൂബിലി മിഷൻ ഹോസ്പിറ്റൽ ഹെഡ് ഓഫ് ലബോറട്ടറി സർവ്വീസസ് ഡോ. സുശീല ജെ. ഇന്ന വിടവാങ്ങൾ സന്ദേശം നൽകി. ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ഞാ





നദുരൈ, ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പാൾമാരായ ഡോ. സി. ഫിലോരശ്മി, ഡോ. സി. ട്രീസ ആന്റോ എന്നിവർ ആശംസകൾ അർപ്പിച്ചു.

മൂന്നാം വർഷ ബി. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥികളുടെ റാംപ് വാക്കിംഗും അവരുടെ വിസ്മയിപ്പിക്കുന്ന നൃത്ത പ്രകടനവും മറ്റ് മൂന്ന് ബാച്ചുകളിലെ വിദ്യാർത്ഥികളുടെ കലാ പരിപാടികളും ചടങ്ങ് വർണ്ണാഭമാക്കി.

എല്ലാ നാലാം വർഷ വിദ്യാർത്ഥികൾക്കും എം. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥികൾക്കും ടോക്കൺ ഓഫ് ലവ് നൽകി. നാലാം വർഷ വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ശ്രീമതി അമല ശില്പ ബെന്നി തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിംഗ് അസി. പ്രൊഫസർമാരായ സി. ഗോഡ്വിൻ, ശ്രീമതി നീതു ജോസ് എന്നിവരും വിദ്യാർത്ഥികൾക്ക് ആശംസകൾ അർപ്പിച്ചു. മൂന്നാം വർഷ ബി. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥി ശ്രീമതി ആൽഫി ജോജിയുടെ നന്ദിയോടുകൂടി പരിപാടികൾ സമാപിച്ചു.

# Congratulations



മുംബൈയിൽവെച്ച് നടന്ന ഓൾ ഇന്ത്യ പി.ജി. ട്രെയിനിംഗ് കോഴ്സിൽ ഫോറം ഓഫ് ഇന്ത്യൻ ന്യൂറോളജി എജ്യുക്കേഷൻ സംഘടിപ്പിച്ച ക്വിസ് കോമ്പറ്റീഷനിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഫൈനൽ ഇയർ ന്യൂറോളജി റസിഡന്റ് ഡോ. ഗായത്രിക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.





കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്ററിക്സ് ആൻഡ് ഗൈനക്കോളജി (KFOG) നടത്തിയ അണ്ടർ ഗ്രാജുവേറ്റ് ക്വിസ് കോംപെറ്റീഷനിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ എം ബി ബി എസ് പതിനാറാം ബാച്ചിലെ ഡോ. എവിലിൻ ടി കിഷോറിനും അശ്വതി വി ക്കും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## Thank you



ജൂബിലി മിഷൻ ആശുപത്രിയുടെ മുഖപത്രമായ ജൂബിലറ്റിന്റെ എഡിറ്റോറിയൽ ബോർഡ് അംഗമായി കഴിഞ്ഞ രണ്ടു വർഷത്തോളം സേവനമനുഷ്ഠിച്ച മരിയ ടോണിക്ക് (HR Dept.) നന്ദിയുടെ നറുമലരുകളും യാത്രാമംഗളങ്ങളും ആശംസിക്കുന്നു.

## Happily Retired



**സി. ട്രീസ ഫ്രാൻസി**
ഫാർമസി ഇൻചാർജ്



**ശ്രീമതി മേഴ്സി ലാസർ**
നഴ്സിംഗ് അറ്റൻഡന്റ്



**ശ്രീമതി ഭാമ എൻ.**
ഹൗസ് കീപ്പിങ്ങ്









RESEARCH WINGS

# JOURNAL CLUB



JCMR ന്റെ ആഭിമുഖ്യത്തിൽ 56-ാമത് ജേർണൽ ക്ലബ് ജനുവരി 25-ാം തിയ്യതി ബുധനാഴ്ച ന്യൂ സി.സി.എം. ഹാളിൽ നടത്തപ്പെട്ടു. ഫാ. ഡോ. ഡേവ് അക്കര OFM Cap ആയിരുന്നു പ്രഭാഷകൻ. 2023 ജനുവരിയിൽ ലാൻസെറ്റ് (Lancet) ജേർണലിൽ പ്രസിദ്ധീകരിച്ച പഠനമായിരുന്നു അവതരണ വിഷയം.

ഇംഗ്ലണ്ടിലെ ആരോഗ്യ പ്രവർത്തകരിൽ കോവിഡ്-19 പകർച്ചവ്യാധിയോടു ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള മാനസികക്ഷതം ആയിരുന്നു പഠനം. ഇത്തരം മാനസിക ആഘാതത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചും അത് സൃഷ്ടിക്കുന്ന കുടുംബ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചും ചർച്ച നടന്നു. ഡോ. ആൻഡ്രൂസ് കാക്കനാട്, ഡോ. ഗിരീഷ്, ഡോ. ബാബു തോമസ്, ഡോ. സുശീല എന്നിവർ ചർച്ചയിൽ സജീവമായി പങ്കെടുക്കുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. ഡോ. അലക്സ് ജോർജ്ജ് സ്വാഗതപ്രസംഗവും ഡോ. പി.ആർ. വർഗ്ഗീസ് നന്ദിയും രേഖപ്പെടുത്തി. വൈദികർക്കിടയിലെ ഭിഷഗ്വരനും ഭിഷഗ്വരർക്കിടയിലെ വൈദികനും എന്ന് ഫാ. ഡോ. ഡേവ് അക്കരയെ നന്ദിപ്രകാശനത്തിൽ പി.ആർ. വർഗ്ഗീസ് വിശേഷിപ്പിച്ചു.





# ICMR GRANT അപേക്ഷിക്കാനും പഠിക്കണേ...

കേന്ദ്ര സർക്കാർ ഏജൻസിയായ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസേർച്ച് (ICMR) മെഡിക്കൽ ഗവേഷണ രംഗത്ത് ധാരാളം ധനസഹായം നൽകുന്നുണ്ടെന്നും അതിന് അപേക്ഷ നല്കുമ്പോൾ കൃത്യതയും വ്യക്തതയും അത്യാവശ്യമാണെന്നും ഡോ. സി. കാതറിൻ സി. എം. സി. അഭിപ്രായപ്പെട്ടു.

ICMR കേന്ദ്ര കാര്യാലയത്തിൽ സയന്റിസ്റ്റ് ആയി ജോലി ചെയ്യുന്ന സി. കാതറിൻ ജൂബിലി ന്യൂ സി. സി. എം. ഹാളിൽ ഡിസംബർ 29-ാം തിയ്യതി നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു. ICMRന്റെ വിവിധ പദ്ധതികളെക്കുറിച്ചും അതിനു അപേക്ഷ നല്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും







സിസ്റ്റർ വിശദമാക്കി. ഒരു പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ അതിന്റെ ശീർഷകത്തോട് ചേർന്നുനില്ക്കുന്ന ലക്ഷ്യവും അതിനെ സാധൂകരിക്കുന്ന മാർഗ്ഗരേഖയും വ്യക്തവും കൃത്യതയുമുള്ളതാകണമെന്നും അവർ അഭിപ്രായപ്പെട്ടു. ഗവേഷണത്തിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് സമർപ്പിക്കുന്ന പ്രോജക്ടിൽ ഉള്ള പ്രാവീണ്യം തെളിയിക്കുന്ന പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ICMR ധനസഹായ പദ്ധതികൾ ലഭിക്കാൻ സാധ്യതയേറും.

ഡോ. ബിജു ബാഹുലേയൻ, ഡോ. കുര്യൻ ആലപ്പാട്ട്, ഡോ. ദിലീപ് വിജയൻ, ഡോ. ഉഷാ ഷേണായി, ഡോ. സിജു വി. അബ്രാഹം തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# SEWAGE TREATMENT PLANT

നമുക്കിടയിൽ

## മലിനജല ശുദ്ധീകരണം



കേരളം വളരെ വേഗത്തിൽ നഗരവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ്. ചെറിയ ടൗണുകൾ വളരെ വേഗത്തിൽ നഗരങ്ങളായിക്കൊണ്ടിരിക്കുന്നു. നഗരങ്ങളിലെ ജനസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതേസമയംതന്നെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും കേരളം കുതിച്ചു മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഏതൊരു നഗരത്തിന്റെയും ആസൂത്രിതമായ വികസനത്തിന് ആ നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനം വളരെ അത്യാവശ്യം വേണ്ട ഘടകമാണ്. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിലും നമുക്ക് ഒരുപാട് മുന്നേറേണ്ടതുണ്ട്. ഏറ്റവും വേഗത്തിൽ മലിനമാകുന്നത് ജലവും വായുവുമാണ്.

ജലനിരപ്പ് ഉയർന്ന പ്രദേശങ്ങളിൽ സെപ്റ്റിക് ടാങ്ക് സിസ്റ്റം പ്രായോഗികമല്ല. സെപ്റ്റിക് ടാങ്കിൽനിന്ന് പുറത്തേക്കൊഴുകുന്ന ജലത്തിലൂടെ ഭൂഗർഭജലം മലിനമാകുന്നു എന്നതുതന്നെയാണ് അതിനു കാരണം. അതിനായി നമുക്ക് ആവശ്യത്തിന് മലിനജല പ്ലാന്റ് ആവശ്യമാണ്. നമ്മുടെ ജൂബിലി മിഷൻ ആശുപത്രിയിലും ഇതുപോലെ മലിനജലം ശുദ്ധീകരിച്ചാണ് ടോയ്ലറ്റ് ഫ്ളഷിനായി ഉപയോഗിക്കുന്നത്. നമ്മുടെ ഹോസ്പിറ്റൽ പ്ലാന്റിന്റെ

കപ്പാസിറ്റി MLD 1.4/Per Day ആണ്. ഇനി എങ്ങനെയാണ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം എന്നു നോക്കാം.




ജല മാലിന്യങ്ങൾ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പൈപ്പ് ലൈൻ വഴി ദ്രവ മാലിന്യം ശേഖരിക്കുന്ന സംവിധാനത്തിന് സീവേജ് എന്നു പറയും. സീവറുകളിലൂടെ ഒഴുകുന്നത് സീവേജ് അഥവാ ദ്രവ മാലിന്യങ്ങളാണ്. സീവേജ് സംസ്കരിക്കാനുള്ള ശാലയെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അഥവാ STP എന്നു പറയും.

പൈപ്പ് ലൈൻ വഴി ഒഴുകിവരുന്ന ദ്രവമാലിന്യങ്ങൾ സ്ക്രീൻ ചേംബറിൽ എത്തിച്ചേരുന്നു. ദ്രവമാലിന്യത്തോടൊപ്പമുള്ള തുണി, പ്ലാസ്റ്റിക്, പേപ്പർ എന്നിവ സ്ക്രീൻ ചേംബർ മുഖേന വേർതിരിച്ച് എടുത്തുമാറ്റുന്നു. അവിടെനിന്ന് ഗ്രാവിറ്റി വഴി ഗ്രൈഡ് ചേംബർ അഥവാ കളക്ഷൻ ടാങ്കിൽ എത്തിച്ചേരുന്നു. അങ്ങനെ മണ്ണ്, മണൽ, ചെറിയ കല്ലുകൾ ചേംബറി ന്റെ അടിയിൽ ഒത്തുകൂടുന്നു. മലിനജലത്തിന്റെ ഒഴുക്ക് നിയന്ത്രിച്ച് വാട്ടർ പമ്പിങ്ങ് വഴി എയ്റേഷൻ ടാങ്കിൽ എത്തിക്കുന്നു. അവിടെ നാല് എയ്റേറ്റർ ഫാനുകൾ വഴി വലിയ അളവിൽ ഓക്സിജൻ കൊടുക്കുന്നു. കൂടാതെ എയ്റേഷൻ ടാങ്കിൽ ഓർഗാനിക് സംയുക്തങ്ങൾ നിക്ഷേപിക്കുന്നു. ഇതിന്റെ ഫലമായി ദ്രവമാലിന്യങ്ങൾ വികടിച്ച് ഖരപദാർത്ഥങ്ങൾ അടിഞ്ഞുകൂടുന്നു. അവിടെനിന്ന് വിവിധ പ്രക്രിയകൾക്കു ശേഷം വിഘടിച്ച മാലിന്യം (Sludge) ഒരു സംപിലേക്ക് റിസർക്കുലേഷന്റെ സഹായത്തോടുകൂടി ഒഴുക്കിവിടുന്നു. സംപിൽ നിന്ന് പമ്പിങ്ങ് വഴി ഫിൽട്ടർ പ്രസ്സ് (വെള്ളവും മാലിന്യവും വേർതിരിക്കുന്ന മെഷീൻ) സംവിധാനത്തിലേക്ക്

കടത്തിവിട്ട് ഹൈഡ്രോളിക്ക് പ്രസ്സിങ്ങ് വഴി ജലം വേർതിരിച്ച് മാലിന്യം എടുക്കുന്നു. ക്ലാരിഫെയറിൽനിന്ന് പുറത്തുപോകുന്ന ജലത്തിൽ കുമ്മായവും ഫെറസ് ക്ലോറൈഡും ചേർത്ത് PH നിയന്ത്രണത്തിൽ കൊണ്ടുവരുന്നു. വീണ്ടും വിവിധ ശുദ്ധീകരണ പ്രക്രിയകൾക്കുശേഷം അവിടെനിന്ന് പോകുന്ന ജലം ട്യൂബ് സെറ്റിങ്ങിൽ എത്തിക്കുന്നു.

ഓവർഫ്ളോ ആയി പുറത്തുപോകുന്ന ജലത്തിൽ ക്ലോറിൻ ചേർത്ത് ബാക്ടീരിയയെ നശിപ്പിക്കുന്നു. അവിടെനിന്ന് ആ ജലം ഫൈനൽ ടാങ്കിലേക്ക് സ്റ്റോർ ചെയ്യുന്നു. ഇവിടെനിന്ന് വാട്ടർ പമ്പിംഗ് വഴി സാൻഡ് ഫിൽട്രേഷനിലൂടെയും കാർബൺ ഫിൽട്ടറിംഗിലൂടെയും ശുദ്ധീകരിച്ച് ജലം ഒരു വാട്ടർ മീറ്ററിന്റെ സഹായത്തോടുകൂടി പൊലൂഷൻ കൺട്രോൾ ബോർഡിന്റെ (PCB) മാനദണ്ഡപ്രകാരം ഈ ജലം കൃഷി ആവശ്യങ്ങൾ



ക്കും ഗാർഡനിംഗിനും ഉപയോഗിക്കുന്നതിനു പുറമെ ഈ ജലത്തിലെ അൾട്രാ ഫിൽറ്ററിംഗ് സിസ്റ്റത്തിലൂടെ കടത്തിവിട്ട് പുറത്തേയ്ക്ക് വരുന്ന ജലം ടോയ്‌ലറ്റ് ഫ്ളഷിംഗിനും ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിലാണ് ജൂബിലി മിഷൻ ആശുപത്രിയിലും മലിനജലം ശുദ്ധീകരിക്കുന്നത്.

**ജോയ് വി. എം.**
മെഡിക്കൽ ഗ്യാസ് സൂപ്പർവൈസർ

# Welcome to Jubilee Family



| | |
|---|---|
| Dr. Vimal Vincent K | Paediatrics |
| Dr. Anna Ligy Ouseph | Radiology |
| Dr. Deepthi Dilip | Anaesthesia |
| Dr. Mohammed Afsal A | Cardiac Surgery |
| Dr. Asif Ali Kuvakkattayil | Cardiac Surgery |
| Dr. Swetha K M | Emergency Medicine |
| Dr. Cyril Santhosh | Emergency Medicine |
| Dr. Minsha Rahiman | Mc Anatomy |
| Mrs. Deepa Davis T | Community Health Nursing |
| Mr. Sibi V B | Biomedical |
| Mr. Nithin Thomas | Insurance Office |
| Mr. Jeevan Joy P | Small Animal Research |
| Mrs. Sofiya C J | Ayurveda |
| Mr. Sreerag P R | Ayurveda |
| Mr. Joel K J | Canteen |
| Mr. Vinodan A K | Canteen |
| Mrs. Neethu C A | Canteen |
| Mrs. Sindhu | Canteen |

## NURSING

Ms. Aneetta Thankachan
Ms. Jolitta Joy
Ms. Jayasree K P
Ms. Priya Paul
Ms. Seethal Manoj
Mrs. Josme Joseph
Mrs. Jinu V J
Ms. Sandra Joshy
Ms.aneena Paul
Mrs.jesma T J
Mrs. Rini Antony

Ms. Bexcy Poulose
Ms. Nitha C Baby
Ms. Jaimol Johnson
Mrs. Laiji Joseph
Ms. Femy Paul
Mrs. Deny Davis
Mrs.christy P J
Ms. Akhila Davis
Ms.swapna Alfred
Ms. Princy Babu
Ms.nimmy Pius K

Mrs. Bincy P B
Ms. Sukrutha U M
Ms. Maria Thomas
Ms.aleena K Babu
Mrs. Smija Anthony
Mrs. Tincy V Tom
Mrs. Chandini K V
Mrs. Derlin David M
Ms.diana Davis
Ms. Anitta Wilson

# കനൽ കെടുത്തിയ സ്നേഹപരിചരണം



എന്റെ അമ്മയ്ക്ക് പാചകം ചെയ്തുകൊണ്ടിരിക്കുമ്പോൾ അടുപ്പിൽനിന്ന് തീ പടർന്നു ദേഹത്ത് പൊള്ളലേറ്റു. ഞങ്ങൾ ഉടനെതന്നെ പാലക്കാട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോവുകയും അവിടെനിന്ന് തൃശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകാൻ നിർദ്ദേശിക്കുകയും ചെയ്തു. ഞങ്ങൾ 2022 നവംബർ 27-ന് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ എത്തുകയും ഉടനെതന്നെ ബേൺസ് ഐ. സി. യു. വിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഹേമന്ത് ഡോക്ടർ ആണ് അമ്മയെ ചികിൽസിച്ചത്. പേടിക്കേണ്ടെന്നു പറഞ്ഞു ഞങ്ങളെ ആശ്വസിപ്പിക്കുകയും ധൈര്യം നൽകുകയും ചെയ്തു. ഞങ്ങൾ ഒരു മാസത്തോളം ഹോസ്പിറ്റലിൽ ഉണ്ടായിരുന്നു. കുറെ ദിവസങ്ങൾ അമ്മ ഐ. സി. യു. വിൽ തന്നെ ആയിരുന്നു. ഒരു പ്രമേഹരോഗി കൂടി ആയിരുന്ന എന്റെ അമ്മയെ പ്രത്യേക പരിഗണന നൽകി പരിചരിച്ചു. വേഗം മുറിവുകൾ ഉണങ്ങാൻ മൂന്ന് പ്ലാസ്റ്റിക് സർജറികൾക്കും അമ്മ വിധേയയായി. ജൂബിലിയിലെ

Together,
We are the
Patient Experience !

ഹോസ്പിറ്റൽ ജീവനക്കാരുടെ ടീം വർക്കിനും ഏകോപനത്തിനും ഒപ്പം നിങ്ങളുടെ സേവനത്തിനും അർപ്പണബോധത്തിനും ശരിക്കും നന്ദിയുണ്ട്. രോഗികളെ പരിചരിക്കുന്നതിൽ നിങ്ങൾ കാണിക്കുന്ന ത്യാഗം എടുത്തുപറയേണ്ടതാണ്. ഡോ. ഹേമന്ത് അരവിന്ദ്കുമാർ സാഘ്വി, ഡോ. ശ്രീകുമാർ, ഫിലോമിന സിസ്റ്റർ, എല്ലാ നഴ്സുമാരോടും പ്രത്യേകിച്ച് മാനസികമായും ശാരീരികമായും എന്റെ അമ്മയെ സഹായിച്ച എല്ലാവരോടും നന്ദി പറയുന്നു.

**രോഗിയുടെ മകൾ**




# Clinical Immunology & Rheumatology

Clinical Immunology and Rheumatology is a specialty in modern medicine that adds quality care for autoimmune conditions. Clinical immunology deals with the dysfunction of the bodys immune system. The department covers both arthritis and connective tissue diseases. Rheumatoid arthritis, Spondyloarthritis, Osteoarthritis and Gout are common diseases which present to us with arthritis. Connective tissue diseases presenting to us include Systemic lupus erythematosis(SLE),

Sjogrens disease, Systemic sclerosis, Inflammatory myopathies and vasculitis. Symptoms that should warrant Rheumatology opinion include arthritis, back pain with stiffness in the morning hours, Photosensitivity, skin ulcers with no identifiable cause, fever of unknown orgin, eye problems(recurrent uveitis and scleritis presents as painful red eyes).Our aim is to reduced morbidity, mortality and improve quality of life in these patients.

# Diseases encountered

## Rheumatoid arthritis

Literally is the most common disease encountered by any Immunologist. We have moved away from the concept of pain relief and now the focus is on disease remission. Right now the focus should be that the patient shouldn't have any joint pain with a good quality of life for as long as possible. So the old concept of starting the patient of one drug and switching over to another if it doesn't respond is out of the window. Drugs should be started with detailed discussion with the patient and all pros and cons need to be discussed but the aim is to acheive remission within 3 to 6 months and maintain it. The onset of biological agents and small molecular DMARDs give us an extra edge in difficult patients and in those with extra articular manifestations.

## Systemic Lupus Erythematosus (SLE)

This is the most feared autoimmune disease. The main problems a physician faces is the profile of the patient, that is a young female. It literally affects any organ in the body. Just as in Rheumatoid arthritis you have to acheive remission in SLE. The problem here is that you have to achieve this in each organ. So in SLE we divide the disease in to domains. Domains include skin, hemetological, musculoskeletal, renal, neurological, constitutional, cardiac, serositis and immunological. The target of any doctor is to obtain remission in all these domains and minimize steroid related side effects while acheiving this. The regimens have been updated for this and numerous



new molecules are available. The usage of biological agents IV immunoglobulin have also been a boom in select patients.

## Sjogrens

Sjogrens is the most common autoimmune disease, but it more commonly presents to the dentist and opthalmologist.



Most cases are very tricky and the patient usulally complaints of fatigue. The extraarticular manifestations of sjogrens like ILD may present to the physician and pulmonologist. Many cases may be ANA negative. In these situations a good clinical history and thorough opthalmological and oral examination may be more helpful. Sjogrens disease may also present to the neurologist with neuropathy, physician with hypokalemia due to renal tubular acidosis and to the dermatologist with purpura.

Most patients only require topical therapy but systemic therapy may be required when extraglandular manifestations are present.

## Systemic sclerosis

As the name suggest it causes fibrosis. Mainly affects the skin, lungs, kidneys and blood vessels. This leads to lot of morbiditiy where the patient feels intensed discomfort due

to the tight skin. This disease also requires careful clinical examination as it may present to various specialities.

1. Physician - hypertensive encephalopathy
2. Pulmonologist - Interstitial lung disease
3. Gastroenterologist - Upper Gastrointestinal bleeding& Constipation
4. Cardiologist - Pulmonary hypertension like in all the other autoimmune diseses the treatment is tailored for the manifestations and not for the disease.

## Inflammatory myositis

Muscle disease in adults due to autoimmune etiology can present in many ways. Severe muscle disease may be obvious. But just like systemic sclerosis it can present to many departments and if weakness is minimal diagnosis may be missed. It can present to the following departments.

1. Dermatologist - Rash
2. Pulmonologist - Interstitial lung disease
3. Gastroenterologist - Swallowing problems

So again careful clinical examination may be the only thing that helps. CPK is one of the screening tests done. But there is a variant called amyopathic myositis which may have minimal or no muscle weakness with normal CPK levels.

## Crystal arthritis

Gout is one of the very common diseases in a physicians and ortopaedicians clinical practice. It is a common practice to check the uric acid in patients who present with joint pains and label it as Gout. But unless clinical symptoms are classical, uric acid levels dont hold much diagnostic importance. Also



in acute gout uric acid levels may be normal. So unless the situation is ideal it is not wise to give much importance to the uric acid levels. In large joint arthritis when suspecting gout a simple joint aspiration with polarizing microscopy may reveal the diagnosis. Xray changes, Ultrasound imaging for halo sign and dual enery CT are newer modalities available when in doubt.

## Pregnancy

A common question to an immunologist as most of our patients are young is 'When can i become pregnant'. To be on the safe side it is wise that the disease be in remission for atleast 6 months. SLE is a disease that flare during pregnancy,




thus it's alway wise to plan the pregnancy of any SLE patient. The renal status, anti SSA,SSB,Ro 52 status, APLA status all have to be monitored and individually adressed. Congenital heart blocks are common in mothere with anti SSA, SSB, Ro52 antibodies. This is because of clossing of these antibodies to the maternal circulation and causing apoptosis to the cardiac myosytes. Regular fetal echo between weeks 16 to 24 may be needed. APLA also need to be adressed, even in the absence of any prior pregnancy loss or history of clotting double/triple antibody positive may require proper councelling and treatment. Also there is the concern of drugs that are safe in pregnancy and lactation.

## The Out patient services that we are providing are as follows :

- SLE clinic(SLE is a disease of immunune system affecting predominantly young females involving skin, joint, hair,

kidneys, lungs, heart and nerves.

- Poly arthritis Clinic(Involve Rheumatoid arthritis, Psoriatic arthritis, Ankylosing spondylitis, Gout and osteoarthritis
- Spondyloarthritis clinic (Arthritis predominantly involving the spine)
- Osteoporosis clinic (Reduced bone mineral density leading to easy fracturing of the bones) Paediatric Rheumatology clinic
- Vasculitis clinic (Involves diseases affecting the blood vessels)
- Connective tissue disease clinic(Sjogrens disease - skin, eye and mouth become dry causing fatigue, Systemic sclerosis - skin becomes very tight with lung and kidney involvement, Inflammatory muscle disease)



Inpatient services are relative to be Arthritis flares, SLE flares,Interstitial lung disease secondary to rheumatological conditions, Inflammatory myopathies, Vasculitis Biological agents .

Interventions undertaken are Intra-articular injections, Intra-lesional injections.

Specialized as well as routine laboratory investigations are also undertaken to diagnose and treat all common and unusual rheumatological conditions.

**Dr. Joseph T. Antony**
Dept. of Rheumatology



# അന്ധത മാറ്റിയ അക്ഷരങ്ങൾ

കാഴ്ച ഇല്ലാത്ത അവസ്ഥയാണ് അന്ധത. അന്ധത പ്രധാനമായും രണ്ടു തരത്തിലുണ്ട്. ജന്മസിദ്ധവൈകല്യങ്ങൾ ഉളവാക്കുന്ന അന്ധതയും, ജനനാന്തരം ഉണ്ടാകുന്ന അന്ധതയും. ശരിയാകാത്ത റിഫ്രാക്ടീവ് പിശകുകൾ, ഗ്ലോക്കോമ, തിമിരം, കോർണിയൽ അതാര്യത (corneal opacities), ദൃഷ്ടിപടലത്തിനുണ്ടാകുന്ന (retina) രോഗങ്ങൾ എന്നിവയാണ് അന്ധതയുടെ പ്രധാന കാരണങ്ങൾ.

അന്ധതയെ നിർവ്വചിക്കാനും കാഴ്ചനഷ്ടത്തെ വിവരിക്കാനുമായി വിവിധ അളവുകോലുകൾ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. പൂർണ്ണമായ അന്ധതയെന്നാൽ പ്രകാശമുണ്ടോ ഇല്ലയോ എന്ന് മനസ്സിലാക്കാൻ സാധിക്കാത്ത അവസ്ഥയാണ് (NLP - ലോ ലൈറ്റ് പെർഷൻ).അന്ധർക്കുള്ള സഹായങ്ങൾ നൽകാനായി ഭരണകൂടങ്ങൾ നിയമപരമായ അന്ധത മറ്റു രീതികളിൽ നിർവചിച്ചിട്ടുണ്ട്. വടക്കേ അമേരിക്കയിലും യൂറോപ്പിന്റെ മിക്ക ഭാഗങ്ങളിലും 6/60 വിഷ്വൽ അക്വിറ്റി (കാഴ്ചശക്തിയെ അളക്കുന്ന മാനകം) ഉള്ളവരെ നിയമപരമായി അന്ധരായാണ് കണക്കാക്കുന്നത്.

സാധാരണഗതിയിൽ ഒരാൾക്ക് അറുപതു മീറ്റർ ദൂരെനിന്ന് കാണാവുന്ന വസ്തു കണ്ണടയുപയോഗിച്ചാൽ പോലും 6 മീറ്റർ അടുത്തുചെന്നാലേ ഒരാൾക്ക് കാണാൻ സാധിക്കൂ എങ്കിൽ അയാൾക്ക് നിയമപരമായി അന്ധതയുണ്ട് എന്നാണിതിന്റെ അർത്ഥം. സാധാരണ അക്വിറ്റി ഉണ്ടെങ്കിലും ദൃശ്യമണ്ഡലം

20 ഡിഗ്രിയിൽ കുറവാണെങ്കിൽ അതും അന്ധതയായി മിക്ക സ്ഥലങ്ങളിലും പരിഗണിക്കപ്പെടുന്നുണ്ട് (സാധാരണഗതിയിൽ 180 ഡിഗ്രിയാണ് ദൃശ്യമണ്ഡലത്തിന്റെ കോൺ). ഇന്ത്യയിൽ ഇത് 3/60 വിഷ്വൽ അക്വിറ്റിയിൽ താഴെയുള്ളവരെ സാമൂഹ്യ പരമായി അന്ധത ബാധിച്ചവർ എന്ന് വിളിക്കും. ലോകാരോ ഗ്യ സംഘടന അതിന്റെ അസുഖങ്ങളുടെ വർഗ്ഗീകരണത്തിന്റെ പത്താം റിവിഷനിൽ കാഴ്ചക്കുറവിനെ നിർവ്വചിച്ചിരിക്കുന്നത് സാധ്യമായ ഏറ്റവും മികച്ച തിരുത്തലിന് ശേഷവും മെച്ചപ്പെട്ട കണ്ണിൽ 6/18ൽ താഴെയും 3/60ന് മുകളിലുള്ളതുമായ വിഷ്വൽ അക്വിറ്റിയായാണ്. ഇരുപതു ഡിഗ്രിയിൽ താഴെയായി ദൃശ്യ




മണ്ഡലം കുറയുകയാണെങ്കിൽ അതും കാഴ്ച കുറവായി കണ ക്കാക്കുന്നു. സാധ്യമായ ഏറ്റവും മികച്ച തിരുത്തലിന് ശേഷ വും മെച്ചപ്പെട്ട കണ്ണിൽ 3/60യിലും താഴെ കാഴ്ച, അല്ലെങ്കിൽ 10 ഡിഗ്രിയിലും താഴെ ദൃശ്യമണ്ഡലം ആണെങ്കിൽ 'അന്ധത' എന്നും വിളിക്കുന്നു.

**ജന്മസിദ്ധ വൈകല്യങ്ങൾ ഉളവാക്കുന്ന അന്ധത**

തിമിരം, റെറ്റിനോബ്ലാസ്റ്റോമ, മാതാവിന്റെ ഗർഭധാരണ സമ യത്തുണ്ടാകുന്ന അണുബാധകൾ (ഉദാഹരണത്തിന് റുബല്ല) എന്നിവയാണ് പ്രധാന കാരണങ്ങൾ.

**ജനനാന്തരം ഉണ്ടാകുന്ന അന്ധത**

വൈറൽ രോഗങ്ങൾ, ട്രക്കോമ, രക്തസമ്മർദ്ദം, പ്രമേഹം, തിമിരം, ഗ്ലോക്കോമ, ദൃഷ്ടിപടല വിയോജനം, മെലനോമ ധമനി വൈകല്യങ്ങൾ, അപകടങ്ങൾ മൂലമുണ്ടാകുന്ന ക്ഷതങ്ങൾ

## ലോ വിഷൻ എയ്ഡ്സ്

പൂർണ്ണമായും അന്ധരല്ലാത്ത, എന്നാൽ കാഴ്ചക്കുറവുള്ള വ്യക്തികളെ തനിയെ വായിക്കുവാനും കാണുവാനും സഹായിക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത ഉപകരണങ്ങളാണ് ഇവ. മാഗ്നിഫയർ ഗ്ലാസുകൾ, ലൂപ്പ്, ചെറിയ ദൂരദർശിനികൾ എന്നിവ ഉദാഹരണങ്ങളാണ്.



## ബ്രെയിലി ലിപി

ഏകദേശം പൂർണമായും അന്ധരായ ആളുകളെ എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കിയ ലിപി സമ്പ്രദായമാണ് ബ്രെയിലി ലിപി അഥവാ ബയിലി സമ്പ്രദായം. ലോകവ്യാപകമായി അംഗീകരിക്കപ്പെട്ട ഈ സമ്പ്രദായം ആവിഷ്കരിച്ചത് ലൂയി ബെയിലി (Luis Brailie 1809 - 1852) എന്ന, ബാല്യത്തിൽത്തന്നെ അന്ധനായിത്തീർന്ന ഫ്രഞ്ചുകാരനാണ്. 1825ൽ ആവിഷ്ക്കരിക്കപ്പെട്ട ഈ രീതി പെട്ടെന്നുതന്നെ വ്യാപകമായ അംഗീകാരം നേടി. പ്രതലത്തെക്കാൾ അല്പം ഉയർന്നുനിൽക്കുന്ന കുത്തുകളാണ് ഈ സമ്പ്രദായത്തിൽ അക്ഷരങ്ങളെയോ അക്കങ്ങളെയോ പ്രതിനിധാനം ചെയ്യുന്നത്. രണ്ട് കോളങ്ങളിലായി ദീർഘചതുരാകൃതിയിൽ ക്രമീകരിച്ച 6 കുത്തുകൾ കൊണ്ട് അക്കങ്ങൾ, അക്ഷരങ്ങൾ, ചിഹ്നങ്ങൾ തുടങ്ങിയവയെല്ലാം ഈ രീതിയിൽ പ്രതിനിധാനം ചെയ്യാൻ കഴിയുന്നു. ഇങ്ങനെയുള്ള 6 കുത്തുകളിൽ, ഉയർന്നു നിൽക്കുന്ന, തടിച്ചു നിൽക്കുന്ന കുത്തുകളിലൂടെ വിരലോടിച്ച് അവയെ തിരിച്ചറിഞ്ഞാണ് ഈ ലിപി വായിക്കുന്നത്.

**ഡോ. ആൻഡ്രൂസ് സി. വി.** (വൈസ് പ്രിൻസിപ്പൽ)
**ഡോ. ട്രീസ ബി. ജോസഫ്**(റെസിഡന്റ് എം. എസ്.)
**ഒഫ്താൽമോളജി വിഭാഗം**

# കഷ്ടമല്ല കുഷ്ഠം?

## ചികിത്സിച്ചാൽ മാറ്റിയെടുക്കാം



ചരിത്രരേഖകളിൽ കുഷ്ഠരോഗം ബൈബിൾ യുഗം മുതലേ ഉണ്ട്. പഴയ നിയമത്തിൽ കുഷ്ഠരോഗത്തെ അശുദ്ധമായ രോഗമായാണ് പരാമർശിച്ചിരിക്കുന്നത്. ഇത്തരം ചർമ്മരോഗത്തെ പൊതുവായി കുഷ്ഠം എന്നാണ് വിളിച്ചിരുന്നത്.

ബാബാ ആംതെ, മദർ തെരേസ, ഗാന്ധിജി - ഇവരാണ് കുഷ്ഠരോഗികൾക്കുവേണ്ടി പൊരുതിയ യോദ്ധാക്കൾ. ഫ്രഞ്ച് സാമൂഹ്യപ്രവർത്തകനായ റൗൾ ഫോളർ ഗാന്ധിജിയോടുള്ള ആദരസൂചകമായി ജനുവരിയിലെ അവസാനത്തെ ഞായറാഴ്ച കുഷ്ടരോഗദിനമായി ആചരിക്കാൻ തീരുമാനിച്ചു. മൈക്രോബാക്ടീരിയ ലെപ്രെ ആണ് കുഷ്ഠരോഗമുള്ള മനുഷ്യരിൽ കാണുന്ന രോഗാണു. കുഷ്ഠരോഗം ഉള്ള ആളുടെ ശ്വസിക്കുന്ന വായുവിൽ ഉള്ള സൂക്ഷ്മമായ സ്രവങ്ങളിൽ അടങ്ങിയിരിക്കുന്ന രോഗാണു അവരുമായി അടുത്തിടപഴകുന്ന ആളുകളുടെ ശരീരത്തിൽ പ്രവേശിക്കുന്നു. ആദ്യം ചർമ്മത്തിലേക്കും നാഡികളിലേക്കും പ്രവേശിച്ച് ആരുടെ ശരീരത്തിൽ പ്രവേശിക്കുന്നോ അവരുടെ പ്രതിരോധശേഷി അനുസരിച്ചാണ് രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുക.

കുഷ്ഠം കാരണമുള്ള രൂപമാറ്റത്തിന്റെ കാരണവും മൂക്കിന്റെ, കൈകാലിന്റെയും അസ്ഥി ചുരുങ്ങുന്നതുകൊണ്ടാണ്.



കുഷ്ഠരോഗത്തിന് ആദ്യകാലങ്ങളിൽ 'ചൗൽമൂഗ്ര എണ്ണ' ആണ് ചികിത്സയ്ക്കായി ഉപയോഗിച്ചിരുന്നത്.

രോഗാണുവിന്റെ വിഭജന സമയം വളരെ പതുക്കെയാണ്. അതുകൊണ്ട് 'ഡ്രഗ് റെസിസ്റ്റൻസ്' വരാനുള്ള സാധ്യത ഏറെയാണ്. അതു കാരണമാണ് ചിലരിൽ ചികിത്സ അത്ര കണ്ട് ഫലിക്കാത്തത്. ഇതിനാലാണ്, സാധാരണ കുഷ്ഠരോഗത്തിന് ഒന്നിലധികം മരുന്ന് കൊടുക്കുന്നത്.

കുഷ്ഠരോഗം പാരമ്പര്യമായി കിട്ടുന്ന രോഗമല്ല. അടുത്തിടപഴകുന്നതിലൂടെ ഇത് പകരും. രോഗിയെ നേരത്തെ ചികിൽസിച്ചാൽ ഒരു പരിധി വരെ രോഗം കുറക്കാം. വൃക്കയെ ബാധിച്ചാൽ മാത്രമേ ഇതു മൂലം മരണം സംഭവിക്കൂ. എല്ലാ പ്രായക്കാരിലും കുഷ്ഠരോഗം കാണാം. ഭക്ഷണത്തിലൂടെയോ, പ്രാണികളിലൂടെയോ ഇത് പകരില്ല. ഇതുവരെ കുഷ്ഠരോഗത്തിന് കുത്തിവയ്പ്പ് കണ്ടുപിടിച്ചിട്ടില്ല. ഏറ്റവും പെട്ടെന്ന് രോഗനിർണ്ണയം നടത്തി ശരിയായ ചികിത്സ മുടങ്ങാതെ സ്വീകരിക്കുന്ന രോഗിക്ക് മറ്റൊരാളെയും പോലെ സാധാരണ ജീവിതം നയിക്കാവുന്നതാണ്.

**ഡോ. വർഗ്ഗീസ് ജെയിംസ്**
അസ്സി. പ്രൊഫസർ, ഡെർമറ്റോളജി

## ആദരാഞ്ജലികൾ



**ജനുവരി 4-ാം തിയ്യതി ജൂബിലി മിഷൻ കുടുംബത്തിൽനിന്ന് വേർപിരിഞ്ഞുപോയ സെക്യൂരിറ്റി സ്റ്റാഫ് രാജു ജെ. യ്ക്ക് ജൂബിലി കുടുംബത്തിന്റെ**

**ആദരാഞ്ജലികൾ.**

# മയൊണൈസ് നിങ്ങൾക്കും ഉണ്ടാക്കാം...



സംസ്ഥാനത്ത് ഇനി മുതൽ പച്ചമുട്ട ഉപയോഗിച്ചുള്ള മയൊണൈസ് നിരോധിച്ചല്ലോ... പകരം വെജിറ്റബിൾ മയൊണൈസ് / പാസ്ചറൈസ് ചെയ്ത മുട്ട ഉപയോഗിച്ചുള്ള മയൊണൈസ് മാത്രമെ ഇനി ഉപയോഗിക്കാനാവൂ... പലർക്കും ഇഷ്ടമുള്ള ഒന്നാണ് മയൊണൈസ്. പക്ഷേ, ശരിയായ രീതിയിൽ പാകം ചെയ്തില്ലെങ്കിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. മുട്ട നല്ലതുപോലെ കഴുകി ചെറുതായി ചൂടാക്കി അതിന്റെ വെള്ള ഉപയോഗിച്ചാണ് സാധാരണ പാസ്ചറൈസ്ഡ് മയൊണൈസ് തയ്യാറാക്കുന്നത്. 1–2 മണിക്കൂർ മാത്രമേ മയൊണൈസ് സാധാരണ ഊഷ്മാവിൽ സൂക്ഷിക്കാനാവൂ. വേവിക്കാത്ത മുട്ടയാണ് ഇതിൽ ഉപയോഗിക്കുന്നത്. അത് സാൽമൊണെല്ല ബാക്ടീരിയ വളരാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

വെജിറ്റബിൾ മയൊണൈസിന് മുട്ട ചേർത്തുള്ള മയൊണൈസിന്റെ അതേ രുചി ലഭിക്കുമോ എന്നതിനെക്കുറിച്ച് പലർക്കും സംശയം ഉണ്ടാകാം. മയൊണൈസ് ഉണ്ടാക്കുന്നതിനായി ചെറിയ മിക്സ്ചർ ജാറിൽ മുട്ട, ഉപ്പ്, പഞ്ചസാര എന്നിവ ഇട്ടുകൊടുക്കുക. വെബിറ്റബിൾ ഓയിൽ മൂന്ന് തവണയായി ചേർത്ത് കൊടുത്ത് 10 സെക്കറ്റ്വരെ ഹൈസ്പീഡിൽ അടിച്ചെടുക്കുക. വേണമെങ്കിൽ നല്ലൊരു ഫ്ളേവറിനു വേണ്ടി ഒരു അല്ലി വെളുത്തുള്ളിയും ചേർക്കാം. വെജിറ്റബിൾ മയൊണൈസ് എന്ന് പറയുന്നത് മുട്ടയ്ക്ക് പകരം മിൽക്ക് ക്രീം അല്ലെങ്കിൽ പാൽ ചൂടാക്കി തണുപ്പിച്ച ശേഷമോ ഉപയോഗിക്കാം. അതുകൊണ്ടുതന്നെ പുറത്ത് കുറച്ച് സമയം കേടുകൂടാതെ ഇരിക്കുകയും ചെയ്യും. രുചിയിൽ ചെറിയൊരു വ്യത്യാസം മാത്രമേ വരികയുള്ളൂ. പാലിന്റെ രുചി ഇഷ്ടമുള്ളവർക്ക് വെജിറ്റബിൾ മയൊണൈസ് ഇഷ്ടമാകും.

**ഡിപ്പാർട്ട്മെന്റ് ഓഫ് ഡയറ്ററി & ന്യൂട്രീഷ്യൻ**



# തൈറോയ്ഡ് രോഗങ്ങൾ

## പത്ഥ്യവും അപത്ഥ്യവും

പത്ഥ്യം എന്നത് ചികിത്സയുടെ പര്യായം തന്നെയാണ്. മാർഗത്തിന് ഉപദ്രവമാകാത്തത് എന്നാണ് പത്ഥ്യത്തിന്റെ അർത്ഥം.

**'പത്ഥ്യം പഥോ നചേതം' (ച. സൂ.)**

മാർഗ്ഗം എന്നത് സ്വസ്ഥന്റെ സ്വാസ്ഥ്യ സംരക്ഷണവും ആതുരന്റെ വ്യാധിഹരത്വവുമാകുന്നു. അതുപോലെതന്നെ മനസ്സിനു ഹിതമായതുമാവണം പത്ഥ്യം.

**'മനശരീരാനുപാലാതി പത്ഥ്യം'**

(ചരകസംഹിത - ചക്രപാണി വ്യാഖ്യാനം)

ശരീരമനസ്സുകൾക്ക് അപ്രിയമായത് അപത്ഥ്യവുമാകുന്നു.

പത്ഥ്യത്തിലെ നിഷ്കർഷകൊണ്ട് പകുതി രോഗങ്ങളും ശമിക്കുന്നു എന്നു കരുതണം.

**"വിനാപി ഭേഷജൈർവ്യാധി പഥ്യാദേവ നിവർത്തതേ"**

**"നതുപഥ്യവിഹീനസ്യ ഭേഷജാനം ശതൈരപി"**

മരുന്നില്ലെങ്കിലും രോഗം പത്ഥ്യം കൊണ്ട് ശമിച്ചിടും. പത്ഥ്യമില്ലെങ്കിൽ ഔഷധങ്ങൾ പ്രയോഗിച്ചാലും അസുഖം മാറില്ല.

ഈദൃശ ആചാര്യ വചനങ്ങളിൽനിന്നും ആയുർവേദ ചികിത്സയിൽ പത്ഥ്യത്തിന്റെ പ്രാധാന്യം വ്യക്തമാണല്ലോ. തൈറോയിഡ് രോഗങ്ങളുടെ ചികിത്സയിലും വ്യവസ്ഥാപിതമായ ചികിത്സ വഴി ചയാപചയ പ്രവർത്തനങ്ങൾ സമീകരിക്കുന്നതിനൊപ്പം ശരിയായ ആഹാരപദാർത്ഥങ്ങൾ വഴി ശരീരത്തിനാവശ്യമായ പോഷകങ്ങൾ ലഭ്യമാക്കുകയും ചെയ്താലേ ചികിത്സ പൂർണ്ണമാവുകയുള്ളൂ. തൈറോയിഡ് ഹോർമോൺ ഉല്പാദനത്തിന് അത്യന്താപേഷിതമായ ഘടകമാണ് അയഡിൻ. കോഷ്ഠത്തിൽ നിന്നും അയഡിന്റെ ആഗിരണത്തിന് മഗ്നീഷ്യം ആവശ്യമാണ്. ഭക്ഷണത്തിലൂടെ ശരിയായ അളവിൽ മഗ്നീഷ്യം ലഭിക്കാതെ വന്നാൽ അയഡിൻ ആഗിരണം തടസ്സപ്പെടുകയും അതുവഴി തൈറോയ്ഡ് ഹോർമോണുകളുടെ ഉത്പാദനം കുറയുകയും അത് ചയാപചയ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നു. ദീപനപാചന ഔഷധങ്ങളോടൊപ്പം മഗ്നീഷ്യം അടങ്ങിയ ഇലക്കറികൾ കഴിക്കാൻ നിർദ്ദേശിക്കുമ്പോഴാണ് ചികിത്സ പൂർണ്ണമാകുന്നത്.



തൈറോയിഡ് രോഗങ്ങളിൽ അഗ്നി പൊതുവെ വിഷമമൊ തീക്ഷ്ണമൊ ആയിരിക്കുമല്ലോ. ഇതുമൂലം ആഹാരത്തിന്റെ



ദഹനപ്രക്രിയ തകരാറിലാവുകയും വിദാഹത്തിനു കാരണമാവുകയും ചെയ്യുന്നു. ഈ അവസരമാണ് വിദാഹമുളവാക്കുന്നത് ക്ഷാര അമ്ല ലവണ രസ പ്രധാനമായ അന്നപാനീയങ്ങൾ ഒഴിവാക്കേണ്ടതാണ്. ഉദാഹരണത്തിന് എരിവ്, പുളി, സോഫ്റ്റ് ഡ്രിങ്ക്, അച്ചാർ എന്നിവ തൈറോയ്ഡ് രോഗങ്ങളുടെ സംപ്രാപ്തിയിൽ ലവണരസത്തിനു പ്രധാന പങ്കുണ്ട്. അഷ്ടാംഗഹൃദയത്തിൽ സമുദ്രലവണത്തിന്റെ സവിശേഷത വിവരിക്കുമ്പോൾ വിപാകം മധുരമായിട്ടാണ് പറയുന്നത്. ഇന്നത്തെ കാലത്ത് വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന ഉപ്പ് പലവിധ സംസ്കരണത്തിനു വിധേയമാക്കുന്നുണ്ട്. ഇതിനെ ശുദ്ധമായ സമുദ്രലവണമെന്ന് ഗണിക്കാൻ വയ്യ. ഇത് വിപാകത്തിൽ അമ്ലമായിത്തീരുന്നതായാണ് അനുഭവം. ഇതും വിദാഹത്തിനു കാരണമാകുന്നു.

Hashimoto's Disease, Graves Disease മുതലായ Autoimmune അവസ്ഥകളിൽ അതുപോലെ മറ്റ് inflammatory and infections അവസ്ഥകൾ ഉള്ളപ്പോൾ ആമം വർദ്ധിപ്പിക്കുന്ന എണ്ണമയമുള്ള ഗുരു സ്നിഗ്ധമായ ആഹാരങ്ങൾ ഒഴിവാക്കേണ്ടതാണ്.

**ഡോ.സി. ഡി. സഹദേവൻ**
സ്പെഷ്യൽ കൺസൾട്ടന്റ്
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആൻഡ്
റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul



26th
JANUARY

HAPPY
REPUBLIC DAY

Service With Love

JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE